**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4470** **01-07-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴയിലെ കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴയിലെ കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ കയർ തൊഴിലാളികൾക്ക് ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ആകെ 31.9 കോടി (മുപ്പത്തിയൊന്ന് കോടി തൊണ്ണ ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്.<br><br>പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസന്റീവ് പദ്ധതിയിൽ ആലപ്പുഴ ജില്ലയിലെ കയർ സംഘങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ആകെ 21.9 കോടി (ഇരുപത്തിയൊന്ന് കോടി തൊണ്ണൂറ് ലക്ഷം) രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കയർ മേഖലയിലെ പശ്ചാത്തല വികസനത്തിനും യന്ത്രവൽകരണത്തിനും നടപടി സ്വീകരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായും, മാനേജീരിയൽ സബ്സിഡിയായും ധനസഹായം നൽകിവരുന്നു. |
| (ബി) | കയർ മേഖലയ്ക്ക് ഉത്തേജനം പകരുന്ന പുതിയ പാക്കേജ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കയർ മേഖലയ്ക്ക് ഉത്തേജനം പകരുന്നതിനായി വിപണി മൂല്യമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരമ്പരാഗത തൊഴിലാളികളെ പ്രാപ്തമാക്കും വിധം നൈപുണ്യ വികസന/പരിശീലന പരിപാടികൾ കയർ കോർപറേഷൻ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഭോപാലിന്റെ കൂടി സഹകരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. യന്ത്രവൽകൃത കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാനും കയർ സംഘങ്ങൾക്ക് വൈദ്യുതി സബ്സിഡി അനുവദിക്കാനും പദ്ധതിയുണ്ട്. |

സെക്ഷൻ ഓഫീസർ